


# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## രാജാക്കാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-1043/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 28/11/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാജാക്കാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-1043/2023

തീയ്യതി: 28/11/2023

# ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2023 മുതൽ 23-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 18-09-2023 | 23-09-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-09-2023 | 23-09-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. വി.ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. അശ്വതി വി. നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ
ശ്രീമതി. ഷൈനി എം.ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എം. എസ്. സതി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സുജിത്കുമാർ ആർ. സി. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ജ്യോതിലക്ഷ്മി കുട്ടപ്പൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. ബിനു കെ. വി. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 28-07-2022 |
| ശ്രീ.രാഹുൽ രാജശേഖരൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 29-07-2022 | 31-03-2023 |
| ശ്രീമതി മേഴ്സി എം. എ. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. നീന വി. എസ്. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.ബാസിമ മുസ്സം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. ജോബിൻ ജോസ് | മെഡിക്കൽ ഓഫീസർ (സി.എച്ച് സി) | 01-04-2022 | 12-10-2022 |
| ഡോ. ദാനി കെ തമ്പി | മെഡിക്കൽ ഓഫീസർ (സി.എച്ച് സി) | 13-10-2022 | 11-11-2022 |
| ഡോ.ഗോപിനാഥൻ മോൻ | മെഡിക്കൽ ഓഫീസർ (സി.എച്ച് സി) | 12-11-2022 | 31-03-2023 |
| ശ്രീ.അനിൽ കുമാർ എം | അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ(വെറ്റിനറി) | 01-04-2022 | 09-02-2023 |
| ഡോ.സുർജിത്ത് ജെ കുമാർ | വെറ്ററിനറി സർജൻ | 10-02-2023 | 31-03-2023 |
| ശ്രീമതി ജിൻസി തോമസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 27-09-2022 |

| | | | |
|---|---|---|---|
| ശ്രീ.നിസ്സാർ എ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 28-09-2022 | 31-03-2023 |
| ശ്രീ. ബിനാഷ് തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.ആസാദ് എ എസ് | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ. ജോബിൻസ് കുര്യൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2024 |
| ശ്രീ. റെജബ് കെ കലാം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

**ഉള്ളടക്കം**


| ക്രമനം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് കൃത്യമല്ല | 1-1-3 |
| 5 | ഓൺലൈൻ പെയ്മെന്റ് ആയി അക്കൌണ്ടിൽ വന്ന തുക ബന്ധപ്പെട്ട ഹെഡുകളിലേക്ക് മാറ്റിയിട്ടില്ല | 1-1-4 |
| 6 | രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത വ്യക്തമല്ല | 1-1-5 |
| 7 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകളുടെ ഡിമാന്റ് യഥാസമയം രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | Prior Period ഇനങ്ങളെ സാക്ഷ്യപ്പെടുത്തുന്ന അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-1-7 |
| 9 | വരവ് രജിസ്റ്ററുകൾ ലെഡ്ജർ ബാലൻസുകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല | 1-1-8 |
| 10 | ബാധ്യത ഇനത്തിൽ ബാലൻസ് ഷീറ്റിൽ ഉള്ള തുകകൾ ബന്ധപ്പെട്ട ബാങ്ക് അക്കൌണ്ടുകളുമായി പൊരുത്തപ്പെടുത്തുകയും യഥാവിധി ക്രമീകരിക്കുകയും ചെയ്തിട്ടില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) ചെലവ് 76.47 ശതമാനം - ഗ്രാമപ്പഞ്ചായത്തിന് നഷ്ടമാകുന്നത് ₹161048/- | 1-3-1 |
| 13 | ഗ്രാന്റ് വിനിയോഗം | 1-3 |

| | | |
|---|---|---|
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | 1-6 |
| 17 | ക്യാഷ് പരിശോധന | 1-7 |
| 18 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 19 | തനതുവരുമാനം പലിശരഹിത അക്കൌണ്ടിൽ സൂക്ഷിക്കുന്നു | 1-9 |
| 20 | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ ഇടപാടുകൾക്ക് ബാങ്ക് ചാർജ് ഈടാക്കുന്നു | 1-10 |
| 21 | ഈ-ടെൻഡർ ഫോം വില തിരികെ ലഭിച്ചില്ല | 1-11 |
| 22 | തനത് വിഭവ സമാഹരണം- അവലോകനം | 1-12 |
| 23 | നിയമ/ചട്ട പിൻബലമില്ലാത്ത കാരണങ്ങൾ മുൻനിർത്തി കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി | 1- 13 |
| 24 | തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-14 |
| 25 | വാടക ഈടാക്കാൻ അവശേഷിക്കുന്നു | 1-15 |
| 26 | വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു | 1-16 |
| 27 | റിസോർട്ടുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-17 |
| 28 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു | 1-18 |
| 29 | പിൻവലിക്കാൻ അനുമതിയില്ലാത്ത കാലയളവിലെ ശമ്പളക്കുടിശ്ശിക പണമായി നൽകി | 1-19 |
| 30 | സർക്കാർ പരിധി അതിലംഘിച്ച് ആർജിതാവധി സറണ്ടർ ചെയ്തു | 1-20 |
| 31 | ജലനിധി ഫണ്ട് വകമാറ്റിയത് ക്രമീകരിച്ചില്ല | 1-21 |
| 32 | ഹോമിയോ മരുന്നുകൾ പൂർണമായി ലഭ്യമായില്ല | 1-22 |

| | | |
|---|---|---|
| 33 | മോട്ടോർ മാറ്റി സ്ഥാപിക്കൽ-പഴയ മോട്ടോറിന്റെ വിവരങ്ങളില്ല | 1-23 |
| 34 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-24 |
| 35 | ഹെഡ് മാസ്റ്റർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-25 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫ ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാ നിർദ്ദേശങ്ങളും അനുസരിച്ച് 15-05-2023-ലെ 8(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ 24.06.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള രാ ഗ്രാമപ്പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേ സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31-03-2023 വ ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടു അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ച രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തു തെളിവുകളും, പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്

ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

lii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങ അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാന അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇ സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചി കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി **രാ ഗ്രാമപഞ്ചായത്തിന്റെ** 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാ ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽ

തൊടുപുഴ ഡെപ്യൂട്ടി ഡയറക്ടർ

28.11.2023 ഇടുക്കി

## 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ)(എഫ്) എന്നിവ പ്രകാരം വ ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംങ് നയങ്ങൾ, ക ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾ

കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്ര ഭാഗമാക്കിയിട്ടില്ല.

**1-1-2 ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല**

സിംഗിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൌ സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃ നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ് ആസ്തിബാധ്യത കണക്കുകൾ കൃത്യമല്ല.

**1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Ca Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4508721 ആണ്. എന്നാൽ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Fi Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹2648810 ആണ്. അംഗീകരിക്കപ്പെട്ട അക്കൌ സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ച സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ ഇവ പൊരുത്തപ്പെടുന്നില്ല.

**1-1-4 ഓൺലൈൻ പെയ്മെന്റ് ആയി അക്കൌണ്ടിൽ വന്ന തുക ബന്ധപ്പെട്ട ഹെഡുകളിലേക്ക് മാറ്റിയിട്ടില്ല**

എസ്.ബി.ഐ. ഓൺലൈൻ പെയ്മെന്റ് അക്കൌണ്ടിൽ 31.03.2023 തീയതിയിൽ ഓൺ പേയ്മെന്റായി ലഭിച്ച ₹2189/- ബന്ധപ്പെട്ട ഹെഡിലേക്ക് മാറ്റിയിട്ടില്ല. ക്രമീകരിക്കേണ്ടതാണ്.

**1-1-5 രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കിലെ തുകക കൃത്യത വ്യക്തമല്ല**

1) ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, വായ്പ രജിസ്റ്റർ എന്നിവ കൃ
സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയി
തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2) ജവഹർ ഭവന പദ്ധതി വായ്പാ രജിസ്റ്റർ അപൂർണമാണ്. ഇതു സംബന്ധിച്ച ഫ
സൂക്ഷിച്ചിട്ടുള്ള ബാങ്ക് അധികൃതരുടെ കത്ത് അനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ മുതൽ
ബാധ്യത 2022-23-ൽ പൂർണമായി അടച്ചു തീർത്തിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രി
₹74374/- തിരിച്ചടയ്ക്കാൻ ശേഷിക്കുന്നതായാണ് രേഖപ്പെടുത്തൽ.

**1-1-6 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകളുടെ ഡിമാന്റ് യഥാസമയം രേഖപ്പെടുത്ത**

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകളുടെ ഡിമാന്റ് വർഷാരംഭത്തിലും സപ്ലിമെന്ററി ഡിമ
അതത് സമയങ്ങളിലും രേഖപ്പെടുത്തുന്നില്ല. മിക്ക വരവിനങ്ങളുടെയും അക്രൂ
എൻട്രികൾ വർഷാവസാനമാണ് സോഫ്റ്റ്വെയ
രേഖപ്പെടുത്തിയിട്ടുള്ളത്.

**1-1-7 Prior Period ഇനങ്ങളെ സാക്ഷ്യപ്പെടുത്തുന്ന അനുബന്ധ രേഖകൾ ലഭ്യമാക്കിയി**

1) ധനകാര്യ പത്രികയുടെ I-18 പത്രികയിൽ Prior Period Expenditure ഇനത്തിലും I-19 പത്രി
Prior Period Income ഇനത്തിലും രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന ജേ
വൌച്ചറുകളും, അനുബന്ധ രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

2) ഇൻകം & എക്പെൻഡീച്ചർ അക്കൌണ്ട് (ഐ-19) പ്രകാരം ജേർണ്ണൽ വൌച്ചർ (
എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തി
എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളൊ രേഖപ്പെടുത്തലുകൾക്ക് പിൻബലം ന
വർക്ക്ഷീറ്റുകളൊ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖപ്പെ
നിയമാനുസൃതം ആണെന്നൊ കൃത്യമാണന്നൊ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

**1-1-8 വരവ് രജിസ്റ്ററുകൾ ലെഡ്ജർ ബാലൻസുകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല**

1) ലെഡ്ജർ ബാലൻസുകളും അതത് ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2) മുൻകൂറായി ലഭിക്കുന്ന തുക വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തു മുൻവർഷ ധനകാര്യപത്രികയിൽ (ബി9 പത്രിക) പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലു തൻവർഷ ഡിമാന്റ് രജിസ്റ്ററിൽ അക്കൗണ്ടിംഗ് ക്രമീകരണങ്ങളിലൂടെ വരവായി ചേർ ആയതിനാൽ വിവിധയിനങ്ങളുടെ യഥാർത്ഥ പിരിവ് തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

**1-1-9 ബാധ്യത ഇനത്തിൽ ബാലൻസ് ഷീറ്റിൽ ഉള്ള തുകകൾ ബന്ധപ്പെട്ട ബാങ്ക് അക്കൌണ്ടുകളുമായി പൊരുത്തപ്പെടുത്തുകയും യഥാവിധി ക്രമീകരിക്കുകയും ചെയ്തിട്ടില്ല**

1) ദുരിതാശ്വാസ നിധി ഇനത്തിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ബി-2 ഷെഡ്യൂൾ പ്രകാരം പഞ്ചായത്ത് ദുരിതാശ്വാസ നിധി നീക്കി ₹15,310/- ആണ്. എന്നാൽ RP 40(B), B-17 എന്നിവയിൽ ദുരിതാശ്വാസ നിധിയ്ക്കായുള്ള അക്കൌണ്ടുകളുടെ (A/C No.372302010009155-₹12821, A/C No. 9873- ₹2840) ആ ₹15661/-യാണ്. കണക്കുകളിലെ പൊരുത്തക്കേട് പരിഹരിക്കേണ്ടതാണ്. ദുരിത നിധിയ്ക്കായി രണ്ട് അക്കൌണ്ടുകൾ നിലനിർത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് ഉച തീരുമാനം കൈക്കൊള്ളാവുന്നതാണ്.

2) Recoveries Payable ഇനത്തിൽ അവശേഷിക്കുന്ന തുക ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയുടെ B9 പട്ടികയനുസരിച്ച് Recoveries Payable - VAT ഇ ₹55347/- ശേഷിക്കുന്നു. കാലഹരണപ്പെട്ട പ്രസ്തുത നികുതി ഒടുക്കാൻ സർക്കാർ ഏക സംവിധാനം ഒരുക്കിയിട്ടും അത് പ്രയോജനപ്പെടുത്താതെ ഋണശീർഷക്കണക്കുകൾ നിലനി നടപടി ക്രമപ്രകാരമുള്ളതല്ല. പ്രസ്തുത തുകയുടെ ആധികാരികത പരിശോധിച്ച് യ ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-2 ബജറ്റ്**

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബ
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ /തീയതി |
|---|---|
| സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | I(1)/തീ. 16.03.2022 |
| ഭരണസമിതി അംഗീകാരം | I(1)/തീ. 26.03.2022 |
| ബജറ്റ് പുതുക്കൽ | I(1)/തീ. 28.02.2023 |

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 1355580 |
| വരവ് | 335059045 |
| ആകെ | 336414625 |
| ചെലവ് | 334662017 |
| നീക്കിയിരിപ്പ് | 1752608 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കും പ്രകാ
സമയക്ലിപ്തതയും നടപടിക്രമങ്ങളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പാലി
നവംബർ മാസമുള്ള വിവരശേഖരണം, ജനവരി ആദ്യ വാരമുള്ള ബജറ്റ് അവതരണം എ
കലണ്ടർ പ്രകാരം നടന്നിട്ടില്ല.

തയ്യാറാക്കിയ ബജറ്റും ധനകാര്യപത്രികയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ക്യ
സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഫലപ്രദവും കാര്യക്ഷമവുമായ ധനവിനി
സാധ്യമാക്കുന്നതിനും പര്യാപ്തമായ രീതിയിൽ ബജറ്റ് തയ്യാറാക്കൽ പ്രക്രിയ പുരോഗമിച്ചിട്ട

അവയിലെ തുകകളും ധനകാര്യപത്രികയിലെ തുകകളും തമ്മിലുള്ള താരതമ്യത്തിൽ വ്യക്തമാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം | ധനകാര്യപത്രിക പ്ര |
|---|---|---|
| തൊഴിൽ നികുതി | 26,00,000 | 18,45,950 |
| വാടക | 8,05,000 | 6,09,234 |
| ലേലം, വിൽപനകൾ | 2,55,000 | 32,490 |
| എസ്റ്റാ. ചെലവുകൾ | 1,62,40,000 | 1,24,91,116 |
| സംരക്ഷണ – നടത്തിപ്പ് ചെലവുകൾ | 21,70,000 | 10,35,098 |

ഉചിത പരിഹാര നടപടികൾക്കായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ എന്നിവരുടെ സജീവ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3-1 മെയിന്റനൻസ് ഫണ്ട് (റോഡിതരം) ചെലവ് 76.47 ശതമാനം – ഗ്രാമപ്പഞ്ചായത്ത് നഷ്ടമാകുന്നത് ₹161048/-

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ.(എംഎസ്).79/2021 നമ്പർ ഉത്തരവനുസരി സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശ മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരി ഓവർ ലഭ്യമാകുന്നത്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹161048/- ലാപ്സായി.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ( ₹) | ഷോർട്ട് ഫോൾ ഇനത്തിൽ ലാപ്സായ തുക |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം) | 4570000 | 3494952 | 76.47 | 914000 | 161048 |

ഷോർട് ഫോളിലൂടെ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ ഭാ
മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർ
ഉദ്യോഗസ്ഥർ എന്നിവരുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻബാക്കി | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | | 13588000 | 13588000 | 13158068 | |
| വികസനഫണ്ട് – എസ്.സി.പി. | | 879000 | 879000 | 818892 | |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 1212325 | 3116000 | 4328325 | 2498157 | 1 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 290575 | 2077000+ പലിശ-121240 | 2488815 | 1012901 | 1 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 10471000 | 10471000 | 10434653 | |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 0 | 4570000 | 4570000 | 3494952 | |

| | | | | | |
|---|---|---|---|---|---|
| 320100182 സമ്പൂർണ്ണ ശുചിത്വ പദ്ധതി | 598339 | 5530 | 603869 | 0 | |
| ഐ.സി.ഡി.എസ്. | 206704 | 1154702 | 1361406 | 327781 | 1 |
| കുടിവെള്ളം | 23732 | 97 | 23829 | 23829 | |
| നിർമ്മൽ പുരസ്കാരം | 0 | 193 | 193 | 0 | |
| സാക്ഷരത | 4434 | 13610 | 18044 | 13610 | |
| ജലനിധി | 1502529 | 62655 | 1565184 | 1511386 | |
| 320100181 സമ്പൂർണ്ണ ശുചിത്വ പരിപാടി | 5530 | 0 | 5530 | 5530 | |
| 320300199 ലൈബ്രറി ഗ്രാന്റ് | 0 | 13610 | 13610 | 13610 | |
| 320300199 ലൈഫ് സംസ്ഥാന വിഹിതം | 0 | 1760000 | 1760000 | 1680000 | |
| 320200308 ശുചിത്വ മിഷൻ | 200000 | 135075 | 335075 | 135075 | |
| ഹെൽത്ത് ഗ്രാന്റ് (PHC) | 0 | 237004 | 237004 | 214903 | |
| ഹെൽത്ത് ഗ്രാന്റ് (Infrastructure) | 0 | 399043 | 399043 | 395516 | |
| 320200207 Fund For Transferred Institution – Ayurveda | 0 | 450000 | 450000 | 362810 | |
| 320200399 – Jalajeevan Mission | 0 | 14216 | 14216 | 0 | |

| | | | | | |
|---|---|---|---|---|---|
| 320100999 Other Liabilities | 526933 | 26000 | 552933 | 26000 | 5 |

**ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ**

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ ചെയ്ത തുക വരവിൽ (അലോട്ട്മെന്റ് ) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 18064 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 96360 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 22534 |

2) സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടു ചെലവിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചില ഇന നെഗറ്റീവ് ബാലൻസ് ആണ്. (ഉദാ.വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട് - എസ്.സി.പ

3) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്ര ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ല

4) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രി ആധാരമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

5) 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ടൈഡ് ഇനത്തിലെ നീക്കിയിരിപ്പ് ₹ 2923618/- ഉം ബേസിക്ക് ഗ്രാന്റ് ഇനത്തിലെ നീക്കി ₹367481/- ഉം ആണ്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ചെലവ് പത്രിക എന്നിവ പ്രകാരം ടൈഡ് ഇന ചെലവ് ₹4240771/- ഉം ബേസിക്ക് ഗ്രാന്റ് ഇനത്തിലെ ചെലവ് ₹1488128/- ഉം പി.എഫ്.എം.എസ്. പ്രകാരം തുക കൈമാറുന്നതിലുള്ള കാലതാമസമാണ് മുന്നിരിപ്പ്, ഇനങ്ങളിലെ ഈ വ്യതിയാനങ്ങൾക്ക് കാരണം. ILGMS പ്രകാരമുള്ള കണക്കുകളാണ് പട്ടി

ഉൾപ്പെടുത്തിയിട്ടുള്ളത് . ബേസിക്ക് ഗ്രാന്റ് ഇനത്തിലെ വരവിൽ ബാങ്ക് പലിശ ഇനത്തിലെ ഉൾപ്പെടുന്നുണ്ട്.

## 1-4 പദ്ധതി അവലോകനം

**(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ പ്രോജ ശതമാ |
|---|---|---|---|---|---|
| 121 | 87184232 | 101 | 45666748 | 20 | 83. |

**നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം**

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെ |
|---|---|---|---|---|
| കൃഷി ഓഫീസർ | 04 | 04 | 2821493 | 2 |
| വെറ്ററിനനറി സർജൻ | 02 | 02 | 1700000 | 1 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 03 | 03 | 1330586 | 1 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 02 | 02 | 1000000 | 1 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01 | 01 | 200000 | 2 |
| വി.ഇ.ഒ. | 13 | 12 | 39016322 | 1 |

| | | | | |
|---|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 04 | 04 | 5599500 | 3 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 38 | 29 | 12253957 | 6 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 01 | 01 | 1350000 | |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ | 05 | 05 | 1622200 | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW | 44 | 35 | 19505274 | 15 |
| അസിസ്റ്റന്റ് സെക്രട്ടറി | 03 | 03 | 584900 | |
| ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01 | 00 | 200000 | |
| ആകെ | 121 | 101 | 87184232 | 45 |

**പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ**

| | |
|---|---|
| ഇനം | തീരുമാന നം,/ തീയതി |
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | **07.01.22, 21.05.2022, 05.06.2022** |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 23.05.2022 മുതൽ 30.05.2022 വരെ |
| വികസന സെമിനാർ | 21.01.2022, 12.062022 |
| ഭരണാനുമതി | I(1)/ തീ. 20.07.2022 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം (ഭേദഗതിയുൾപ്പടെയുള്ള അന്തിമ അംഗീകാരം) | 677/2022/DPC/DPO/IDK തീ. 06.03.2023 |

**ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ക്രോഡീകരിക്കുന്നു**

. ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞു.

. പ്രോജക്ടുകളുടെ നിർവഹണത്തിൽ പുരോഗതി കൈവരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

. ആകെ ആവഷ്കരിച്ച 121പ്രോജക്ടുകളിൽ 101 എണ്ണവും നടപ്പാക്കാനായി.

. പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറച്ചത് നിർവഹണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച

. റോഡ് നിർമാണപ്രവൃത്തികൾക്ക് കൂടുതൽ തുക വകയിരുത്തിയത് റീടാറിംഗ് ഉൾപ്പ ജോലികൾ ഏറ്റെടുക്കുന്നതിന് കരാറുകാർക്ക് താത്പര്യമുണ്ടാക്കി.

. കാർഷിക-മൃഗസംരക്ഷണ-ക്ഷീര വികസന മേഖലകളിൽ ഗണ്യമായ തുക ചെലവഴിക്കാ മികച്ച നേട്ടമായി വിലയിരുത്തുന്നു.

. 10 കുടിവെള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കി. സി.എച്ച്.സി മെഡിക്കൽ ഓ ഗവ.യു.പി. സ്കൂൾ ഹെഡ്മാസ്റ്റർ എന്നിവർ നടപ്പാക്കിയ വാങ്ങൽ പ്രോജക്ടുകളുടെ ബില്ലിന ജി.എസ്.ടി. കുറവു ചെയ്യാതിരുന്നതു മൂലം സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിച്ചു. പരാമർശം അന്യത്ര ചേർത്തിട്ടുള്ളത് കാണുക.

. MCF പൂർണ തോതിൽ പ്രവർത്തനസജ്ജമായില്ല. ലെഗസി വേസ്റ്റ് ക്ലീൻ കൈമാറിയില്ല.

അപാകങ്ങൾ പരിഹരിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമവും ജനോപകാരപ്രദ നടപ്പാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. വിവിധ സമിതികളുടെ അടിയന്തിരശ്ര ക്രിയാത്മകമായ ഇടപെടലുകളും ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയ ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 3059607 | 3059607 | 3059607 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 67593739 | 67593739 | 67593739 | 0 |

## 1-6 സാമൂഹ്യ സുരക്ഷാ പദ്ധതികൾ

2022-23 വർഷം ഗ്രാമ പഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തു വിശദാംശം താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്ക എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2675000 | |
| വിധവാ പെൻഷൻ | 6168600 | |
| വാർദ്ധക്യകാല പെൻഷൻ | 15554400 | |
| വികലാംഗ പെൻഷൻ | 1678600 | |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 270400 | |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബ പരിശോധന 12.09.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയു പരിശോധനയിൽ ₹3760/- (മൂവായിരത്തി എഴുന്നൂറ്റി അറുപത് രൂപ മാത്രം) ക്യാഷ് ബാലൻ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

പതിമൂന്നംഗ ഭരണസമിതി നിയന്ത്രിക്കുന്ന ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി, അസി.സെ ഹെഡ് ക്ലർക്ക്, ഹെഡ് അക്കൌണ്ടന്റ്, മൂന്ന് സീനിയർ ക്ലർക്കുമാർ, നാല് ക്ലർക്കുമാർ ഓഫീസ് അറ്റൻഡന്റ്, ഒരു ഡ്രൈവർ, രണ്ട് പി.റ്റി.എസ്. എന്നിവർ ഉൾപ്പെടുന്ന ഉദ്യോഗസ്ഥ നിലവിലുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തി ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1) ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.

2) മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, വൌച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തിക എന്നാൽ വായ്പ രജിസ്റ്റർ, മൂൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്ററുകൾ കൈകാര്യം ചെയ്യുന്നതിൽ പ്രോരായ്മകളുണ്ട്. വാടക ഡിമാന്റ് രജിസ്റ്ററിൽ നിർണയ ഡി.സി.ബി തുകകൾ ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടാതിരുന്നത് വേളയിൽ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് അപാകത പരിഹരിച്ചിട്ടുണ്ട്.

3) അതത് മാസങ്ങളിലെ വരവുചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്ക ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ തയ്യാറാക്കുന്നതിൽ പ്രവർത്തന കലണ്ടർ പ്രകാരമുള്ള കാലപരിധികൾ തൻവർഷവും പാലിച്ച

4) വിവിധ അക്കൗണ്ടുകളുടെ 2023 ഓഗസ്റ്റ് 31-വരെയുള്ള പ്രതിമാസ പൊരുത്തപ്പെടുത നടത്തി സൂക്ഷിച്ചിട്ടുണ്ട്.

5) lLGMS സോഫ്റ്റ്വെയറിലൂടെയുള്ള ഭരണനിർവഹണത്തിൽ പുരോഗതിയുണ്ട്.

6) പ്രധാന തനതു വരുമാനസ്രോതസുകളായ നികുതികൾ സമയബന്ധിതമായി പിരിച്ചെടുത എന്നാൽ വാടകയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു.

7) കറന്റ് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നതും സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്കുള്ള ന
ചെക്കുകളുടെ ക്ലിയറൻസിന് ചാർജ് ഈടാക്കുന്നതു മൂലം ഗ്രാമപഞ്ചായത്തിന് ധനനഷ്ടം ഉണ
വിശദ പരാമർശങ്ങൾ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.

8) സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക
യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേ
നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

9) ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ട ഓഡിറ്റ് അദാലത്ത
ക്രിയാത്മകമായി പ്രതികരിച്ചതിനാൽ മുൻ വർഷങ്ങളിലെ ബഹു ഭൂരിപക്ഷം
പരാമർശങ്ങളും തീർപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്.

10) വാർഷിക പദ്ധതി നിർവഹണം - ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ പങ്ക
വാർഷിക പദ്ധതിയിൽ ഉണ്ടായിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിലും പുരോഗതിയുണ്ട്. ഏ
121 പ്രോജക്ടുകളിൽ 101 എണ്ണം നടപ്പാക്കി.

11) MG(NR) ഒഴികെയുള്ള സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിൽ ലക്ഷ്യം കൈവരിച്ചു.
-ലെ ഷോർട്ട് ഫോൾ 1.61 ലക്ഷത്തിലധികം.

12) സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്ത
പെൻഷൻ റദ്ദു ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വ
അറിയിക്കേണ്ടതാണ്.

## 1-9 തനതുവരുമാനം പലിശരഹിത അക്കൌണ്ടിൽ സൂക്ഷിക്കുന്നു

ഓൺലൈനായി ഒടുക്കുന്ന നികുതി/നികുതിയിതര വരുമാനം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ച
എസ്.ബി.ഐ രാജകുമാരി ശാഖയിൽ ഒരു ഇ-പേയ്മെന്റ് അക്കൗണ്ട് പരിപാലിക

(നം.37287192940). പ്രസ്തുത അക്കൗണ്ട് കറണ്ട് അക്കൗണ്ടായതിനാൽ പലിശ ലഭിക്

31.08.2023 വരെയുള്ള പാസ്സ് ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം ഈ അക്കൗണ്ടിൽ ₹4,9

അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഇത്തരത്തിൽ കറന്റ് അക്കൗ

സൂക്ഷിച്ചതു വഴി ഗണ്യമായ തുക പലിശയിനത്തിൽ ഇതിനോടകം നഷ്ടപ്പെ

നികുതിയിനത്തിലെ നീക്കിയിരിപ്പ് അടിയന്തിരമായി പിൻവലിച്ച് തനത് ഫണ്ടിന്റെ സേവ

അക്കൗണ്ടിൽ നിക്ഷേപിക്കുകയോ, സ്ഥിരനിക്ഷേപമാക്കി മാറ്റുകയോ ചെയ്ത് പലിശ വ

നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

ലൈഫ് ഭവന പദ്ധതി ധനസഹായത്തുകകൾ പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റി വിനി

യഥാവിധി നിയന്ത്രിക്കേണ്ടതുമാണ്.

## 1-10 സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ ഇടപാടുകൾക്ക് ബാങ്ക് ചാർജ്ജ് ഈടാക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് സൂക്ഷിക്കുന്ന യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ രാജ

ശാഖയിലെ (അക്കൗണ്ട് നം.373020100234O5) ഇടപാടുകൾക്കും ജലനിധി പദ്ധതിയ

ശാഖയിലെ (അക്കൗണ്ട് നം. 372302010023000) ഇടപാടുകൾക്കും (Charges For PORD

Description-ൽ) ബാങ്ക് ചാർജ് ഈടാക്കുന്നുണ്ട്. ചെക്കുകൾ ക്ലിയർ ചെയ്യുന്നതിന് പണം നൽ

വരുന്നതുമൂലം ഓരോ മാസവും ഗണ്യമായ തുക ഗ്രാമപഞ്ചായത്തിന് നഷ്ട

ഗ്രാമപഞ്ചായത്തിന്റെ പൊതുവായ സാമ്പത്തികസ്ഥിതി വളരെ പരിതാപകരമായ

ഈയിനത്തിലും തുക നഷ്ടപ്പെടുന്നത് ഒട്ടും തന്നെ അംഗീകരിക്കാവുന്നതല്ല. ഈ വിഷയ

ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം സംരക്ഷിക്കുന്നതിനായി

അധികൃതരുമായി കൂടിയാലോചന നടത്തുന്നതിനും, അനുകൂലമായ നിലപാട് ഇല്ലാത്ത

സൌകര്യപ്രദമായ മറ്റൊരു ബാങ്കിലേയ്ക്ക് തനതുഫണ്ട് നിക്ഷേപം മാറ്റുന്നതിനും അട

നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വരശ്രദ്ധ ഈ വിഷയത്ത

ക്ഷണിക്കുന്നു.

## 1-11 ഈ-ടെൻഡർ ഫോം വില തിരികെ ലഭിച്ചില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഈ-ടെൻഡർ നടപടിക്ര പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ.(പി) 1288/15 ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മ പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേ ഒടുക്കി വന്നിരുന്നത്. 2022-23 സാമ്പത്തിക വർഷം വരെ ₹310642/- (2022-23-ൽ പ്രോജക്ടുകളുടേതായി ഒടുക്കിയ ₹39160/- ഉൾപ്പടെ) ഫോം വിലയായി ഇപ്രകാരം ഒടുക്കിയ ഇ-ടെൻഡർ ഫോം വിലയായി സ്വീകരിക്കുന്ന തുക അസി. എൻജിനിയറുടെ ദേശസാത്കൃത ബാങ്കിൽ പ്രത്യേക അക്കൗണ്ട് തുറന്ന് അതിൽ സൂക്ഷിച്ച് യഥാ ഗ്രാമപഞ്ചായത്തിന് കൈമാറിയാൽ മതിയാകുന്നതാണെന്ന് ഇതിനെ നിർദ്ദേശമുണ്ടായിട്ടുള്ളതിനാൽ തുടർന്നും തുകകൾ ജില്ലാ പഞ്ചായത്ത് ഡിവിഷനിലേക്ക് മ നടപടി ക്രമപ്രകാരമുള്ളതല്ല. നാളിതുവരെ ഒടുക്കിയ തുക തിരികെ ലഭിക്കാൻ അടി നടപടികൾ സ്വീകരിക്കേണ്ടതും ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അത് ക്രമീകരിച്ച വിവരം യഥാ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-12 തനത് വിഭവ സമാഹരണം- അവലോകനം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റിൽ ക്രമമായ പു കൈവരിയ്ക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കണമെന്ന് ആറാം സം ധനകാര്യക്കമ്മീഷൻ തങ്ങളുടെ രണ്ടാമത് റിപ്പോർട്ടിലെ 30(V) ഖണ്ഡികയിലൂടെ സം സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. തദനുസരണം റവന്യു വരുമാന വ സാധ്യമാക്കുന്നതിനായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികളുടെ കാര്യക പ്രാധാന്യം നൽകി ടാക്സ് ഓഡിറ്റ് ഏറ്റെടുത്ത് നടത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.1

ലെ AA3/45/2022 നമ്പർ കത്തിലൂടെ സർക്കാർ ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുകയു
മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക
വിഭവസമാഹരണത്തിനുമായി രാജാക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റ
കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും, ആയതിന്റെ ഭാഗമായി എക്സിക
അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും, നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിന
പരിശോധനയ്ക്ക് വിധേയമാക്കി. പരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ല
വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള അവലോകനക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

**പ്രധാന വരുമാന മേഖലകൾ**

വസ്തു നികുതി, തൊഴിൽനികുതി, വാടക, വ്യാപാരങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമുള്ള ലൈ
ഫീസുകൾ തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റിനു പുറമെയുള്ള പ്രധാന വരുമാന സ്രോതസുക
ഗ്രാമപഞ്ചായത്തിന്റെ നികുതി പിരിവ് സംബന്ധിച്ച വിവരങ്ങൾ ഭരണസമിതിയും ധ
സ്റ്റാന്റിംഗ് കമ്മിറ്റിയും വിശകലനം ചെയ്ത് പ്രശ്നപരിഹാരത്തിനുള്ള സാധ
വിലയിരുത്തിയതായി മിനിറ്റ്സ് രേഖകളിലെ രേഖപ്പെടുത്തലുകളിൽ കാണുന്നു.

**റവന്യൂ വിഭവ സമാഹരണത്തിൽ ഭരണസമിതിയുടെ പങ്ക്**

ഭരണ സമിതി യോഗങ്ങളിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും വസ്തു നികുതി
ഊർജ്ജിതമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. ജീവനക്കാ
ജനപ്രതിനിധികളുടേയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി 2022-23 സാമ്പത്തിക വർഷ
ഗ്രാമപഞ്ചായത്തിൽ കെട്ടിടനികുതി 100% പിരിവുലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞ
എന്നിരുന്നാലും വാടക ഇനത്തിൽ കുടിശ്ശിക അവശേഷിക്കുന്നു.

പ്രധാന വരവിനങ്ങളുടെ നിർണയം, ഡിമാന്റ്, പിരിവ്, രേഖ സൂക്ഷിപ്പ് തുടങ്ങിയ നടപടിക്ര
സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**എ) വസ്തുനികുതി – നികുതി പരിഷ്കരണ നടപടിക്രമങ്ങൾ**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-3-2023-ലെ ജി.ഒ.(എം.എസ്) 77/2023 നമ്പർ ഉ
പ്രകാരം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും വസ്തുനികുതി
നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാന
സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള വസ്തുനികുതി നിര
വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ ജി.ഒ.(പി) നം. 25/2023 നമ്പർ ഉത്തരവ് പ്ര
ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്
ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചു
13.06.2023-ൽ ചേർന്ന കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി (തീരുമാനം 2(1)). കൂടാതെ
കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും
മുൻവർഷം പ്രാബല്യത്തിലുണ്ടായിരുന്ന നികുതിയുടെ 5% വർദ്ധനവ് വരുത്തി അടു
വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനു
ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ കെട്ടിടത്തിനും 01.0
പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞ
പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെട്ടിടങ്ങളുടെ തറ വിസ്തീർണ
ഉപയോഗക്രമങ്ങൾക്കും ആദ്യ നികുതി നിർണയത്തിനു ശേഷം മാറ്റം വന്നിട്ടുണ്ടെ
ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. തദനുസരണ
മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളെ കരാർ അടിസ്ഥാന
നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**ബി) തൊഴിൽ നികുതി**

തൊഴിൽനികുതി നൽകാൻ ബാധ്യസ്ഥരായ ജീവനക്കാരുള്ള സ്ഥാപനങ്ങളും ര
സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിൽ പൊതുവെ കുറവാണ്. 2022-23 സാമ്പത്തിക വർഷത്ത
സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. തൊഴിൽ

തുക കൃത്യമായി ഡിമാന്റ് നോട്ടീസ് നൽകി ഈടാക്കി വരുന്നുണ്ട്. ഈ വിഭാഗത്തിൽ കാ
വർദ്ധനവിന് സാധ്യത കുറവാണ്.

**സി) ലൈസൻസ് ഫീസുകൾ**

കാർഷിക മേഖലയായതിനാൽ വൻകിട വ്യവസായങ്ങൾക്കുള്ള പശ്ചാത്തലസൗകര്യങ്ങൾ
കുറവാണ്. രാജാക്കാടാണ് ഗ്രാമപഞ്ചായത്തിലെ പ്രധാന വാണിജ്യകേന്ദ്രം. ഗ
സ്ഥാപനങ്ങളിൽനിന്ന് പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീസ് ഈടാക്കി വരുന്നു. പ
വ്യാപാരികൾക്ക് പ്രത്യേക ഡിമാന്റ് നമ്പരുകൾ നൽകി വാർഡ് അടിസ്ഥാനത്തിൽ
തയ്യാറാക്കിയിട്ടില്ല. ആകയാൽ ഡിമാന്റായി സൂചിപ്പിച്ചിട്ടുള്ള തുകയുടെ ആധികാരികത വ
341 സ്ഥാപനങ്ങളെ 2022-23 വർഷത്തിൽ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവ
ഫീസ്, തൊഴിൽനികുതി ഇനങ്ങളിൽ നഷ്ടമുണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്താൻ
അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാവുന്നതും പ്രാദേശിക പരിശോധനയുൾപ്പ
മാർഗങ്ങൾ അവലംബിക്കാവുന്നതാണ്.

**ഡി) വാടക, കുത്തകാവകാശം**

ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക, ഒരു പ്രധാന വരുമാന സ്രോതസ്സാണ്. പഞ്ചായ
ഉടമസ്ഥതയിൽ 34 കടമുറികൾ ഉണ്ട് ഇവയിൽ 9 കടമുറികൾ ലേലം ചെയ്ത് ന
പഞ്ചായത്തിന് സാധിച്ചിട്ടില്ല. വാടക കുടിശ്ശിക ഈടാക്കുന്നതിനും വാടകയ്ക്ക് നൽകാത്ത
വാടകയ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**ഇ) രേഖ സൂക്ഷിപ്പ്**

വസ്തു നികുതിയുടെ നിർണയം, ഡിമാന്റ്, പിരിവ് നടപടികൾ ഇവ സഞ്ചയ സോഫ്റ
മുഖേനയാണ് നിയന്ത്രിക്കുന്നത്. ILGMS സോഫ്റ്റ്വെയർ വിന്യാസത്തിന്റെ ഭാഗമായി ന
ക്രമീകരണങ്ങളെത്തുടർന്ന് അതിലൂടെ ലഭിക്കുന്ന ക്രോഡീകൃത സംഖ്യകളുടെ ആധികാരിക

അവ്യക്തത നിലനിൽക്കുന്നു. മറ്റു വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് നെ തൃപ്തികരമാണ്.

## 1- 13 നിയമ/ചട്ട പിൻബലമില്ലാത്ത കാരണങ്ങൾ മുൻനിർത്തി കെട്ടിടങ്ങൾക്ക് നികുത ഒഴിവാക്കി നൽകി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് അനുസരിച്ച്, വസ്തു നികുതിയിര ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും വസ്തു നികുതി പ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് (2011-ലെ കേരള പഞ്ചായത്ത് രാജ നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 3 കാണുക). സ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ. (എം.എസ്.)144/2015 നമ്പർ ഉത്തരവിന്റെ ഖ 4 പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് 660 ചതുരശ്ര അടി (60 ചതുരശ്ര മീറ്റർ) വരെയുള്ള ഉ സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന വാസഗൃഹങ്ങളെയാണ് 2015-16 മുതൽ വസ്തുനികു പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ കെട്ടിട ഉ പേരിൽ മറ്റ് കെട്ടിടങ്ങളില്ല എന്ന് ഉറപ്പാക്കണമെന്ന് നിർദ്ദേശവും ഉള്ളതാണ്. സോഫ്റ്റ്വെയറിൽ ക്രോഡീകരിച്ചിട്ടുള്ള, ഗ്രാമപഞ്ചായത്ത് 10-ാം വാർഡിലെ വസ്തു വിവരങ്ങൾ മാത്രം പരിശോധിച്ചതിൽ തന്നെ ഒട്ടേറെ കെട്ടിടങ്ങളെ നിയമ/ചട്ട പിൻബലമ കാരണങ്ങൾ മുൻനിർത്തി നികുതി ഒഴിവാക്കി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നം. | ഉടമസ്ഥൻ | വിസ്തീ |
|---|---|---|---|
| 1 | 38 | ജനാർദ്ദനൻ നീലിയാനിക്കുന്നേൽ, 9495506381 (മൊബൈൽ)) | 184 |
| 2 | 226 | ബേബി വർഗീസ് (കളീയ്ക്കൽ, 9447827002 (മൊബൈൽ)) | 308 |

| | | | |
|---|---|---|---|
| 3 | 293 | മല്ലിക എസ്., (വെള്ളഞ്ചിയിൽ, രാജാക്കാട്, രാജാക്കാട് പി. ഒ.,-685566) | 68 ച |
| 4 | 329 | ചാച്ചികുട്ടി (പതിപ്പള്ളിൽ) | 123 |
| 5 | 359 | ഉലഹന്നാൻ തോമസ് (വെളുത്തേടത്ത്പറമ്പിൽ, 7353495972 (മൊബൈൽ)) | 67 ച |
| 6 | 387 | രാജി ഉണ്ണി (വെട്ടുകല്ലുംമാക്കൽ) | 105 |
| 7 | 391 | കുര്യൻ തോമസ് (താഴാംപള്ളത്ത്, ചെരിപുറം, രാജാക്കാട് പി.ഒ., -685566, 8301892260 (മൊബൈൽ)) | 70 ച |
| 8 | 403 | രാജീവ് (വാഴാട്ട്, രാജാക്കാട് പി. ഒ., – 685566) | 71 ച |
| 9 | 509 | പാത്തുമ്മ ഇബ്രഹിം, (തണ്ടാക്കാലായിൽ, രാജാക്കാട് പി. ഒ., 685566, 8157846425 (മൊബൈൽ)) | 64 ച |
| 10 | 536 | ഷാഹർ (മഠത്തിൽ, 9497700552 (മൊബൈൽ)) | 72 ച |
| 11 | 545 | രാജൻ പി.കെ., (പുളിക്കൽ വീട്, പഴയവിടുതി, മമ്മട്ടിക്കാനം പി ഒ, 685566) | 140 |
| 12 | 596 | ഹംസ (തൈക്കാട്ട്) | 85.8 |

സമാനരീതിയിൽ നികുതി ഒഴിവാക്കപ്പെട്ട, എല്ലാ വാർഡുകളിലെയും കെട്ടിട വിവരങ്ങൾ പുനഃപരിശോധിക്കേണ്ടതും, അനർഹമായതെന്ന് കണ്ടെത്തുന്നവ ഡിമാ ഉൾപ്പെടുത്തി പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതു

**1-14 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു**

ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ പട്ടികയിൽ പരാമർശിക്കുന്ന സ്ഥാപനങ്ങളുടെയും, ഏ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൻവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

**I) ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ**

| ക്രമ നം. | സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1. | പോസ്റ്റ് ഓഫീസ്, എൻ.ആർ.സിറ്റി | II |
| 2. | മിനി മുത്തൂറ്റ് നിധി | I |
| 3. | ആപ്കോസ്, എൻ.ആർ.സിറ്റി | II |
| 4. | EMGEE മുത്തൂറ്റ് നിധി ലിമിറ്റഡ് | I &II |

**II)സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്തവ**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | EMGEE മുത്തൂറ്റ് നിധി ലിമിറ്റഡ് | I & II |
| 2 | അൻസൺ ഫിൻകോർപ് ലിമിറ്റഡ്, രാജാക്കാട് | I & II |

ധനകാര്യ പത്രിക പ്രകാരം സ്ഥാപനങ്ങളുടെയും അവയിലെ ജീവനക്കാ തൊഴിൽനികുതിയിൽ കൂടിശ്ശികയില്ല. (ബി15 പത്രിക കാണുക). പ്രസ്തുത സ്ഥാപനങ്ങളിൽ തൊഴിൽ നികുതി (ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും) ഈടാക്കാത്തതിന് വിശദീ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/2023 തീയതി 20.09.2023) സ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കാനാവശ്യമായ നട സ്വീകരിക്കുന്നതാണെന്നും EMGEE മുത്തൂറ്റ് നിധി ലിമിറ്റഡ് എന്ന സ്ഥാപനം 19/11/2022 ആൻസൺ ഫിൻകോർപ് ലിമിറ്റഡ് 23.03.2022 മുതലുമാണ് പ്രവർത്തനം ആരംഭിച്ചതെ അറിയിച്ചിട്ടുള്ളത്. ആയതിനാൽ മേൽ പട്ടികകളിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-15 വാടക ഈടാക്കാൻ അവശേഷിക്കുന്നു**

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വാടകയിനത്തിൽ ₹60 ഡിമാന്റും ₹575430/- പിരിവും ₹31804/- കുടിശ്ശികയുമുണ്ട്. ഇതോടൊപ്പം മുൻവർഷ കുടിശ്ശികയായ ₹98099/- ഉം പിരിച്ചെടുക്കാൻ ശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥ 34 കടമുറികൾ ഉള്ളതിൽ 13 എണ്ണം ഒഴിഞ്ഞു കിടന്നിരുന്നു. ടൗൺ ഷോപ്പിംഗ് കോംപ്ലക്സിലെ നം. 9, വനിതാ ബിൽഡിംഗിലെ നം. 2 എന്നീ കടമുറികൾ 2023-24 വർഷത്തേക്ക് കൊണ്ടിട്ടുള്ളതും നിലവിൽ വാടകയ്ക്ക് നൽകിയിട്ടുള്ളതുമാണ്. ശേഷിക്കുന്ന കടമുറികൾ പൊ നടത്തി വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും കുടിശ്ശികയായ ₹1,2 ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-16 വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്വെയറിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങളനുസരിച്ച് "വാണിജ്യ ആവശ്യം ഉപയോഗക്രമത്തിൽ നികുതി നിർണയിക്കപ്പെട്ട 1256 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്തി ഖരമാലിന്യ പരിപാലനപരിപാടികളുടെ പുരോഗതി വിലയിരുത്തുന്നതിന് കില വികസ വാർറൂം പോർട്ടലിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകളനുസരിച്ച് ഗ്രാമപഞ്ച പരിധിയിൽ 550 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2022-23 സാമ്പത്തിക വർ സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതെന്ന് ഡിമാന്റ് രജി രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു. കണക്കുകളിലെ പ്രസ്തുത അന്തരത്തിന് ക ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ലായെന്ന് മേൽ കണക്കുകളിൽനിന്ന് വ്യക്ത തദ്ദേശസ്വയംഭരണ സ്ഥാപനമെന്ന നിലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംര നൽകുന്നതിന് ബാധ്യതയുള്ള ഗ്രാമപഞ്ചായത്ത് ലൈസൻസ് കൂടാതെ സ്ഥാപ പ്രവർത്തിക്കാൻ അനുവദിച്ച നടപടി ഒട്ടുംതന്നെ അംഗീകരിക്കാവുന്നതല്ല. ഫീൽ പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ

ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ട
ഭരണസമിതി, ധനകാര്യ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സജീവശ്ര
വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-17 റിസോർട്ടുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം റിസോർട്ടുകൾ എന്ന ഗണത്തിൽ നികുതി നിർണയി
ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങൾ 2022-23 വർഷം പ്രവർത്തിക്കുന്നതിനാവ
ലൈസൻസ് എടുത്തിട്ടില്ല.

| വാർഡ് | കെട്ടിട നം. | ഉടമസ്ഥന്റെ പേര് |
|---|---|---|
| 6 | 253 B, C | സുകുമാരൻ നായർ |
| 10 | 221 | റ്റി. റ്റി. ബൈജു |
| 11 | 244 A, B, C, D, E, F, G, H, I, J, K, L, M, N, O | ജോർജ് ജോൺ |

ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ അനുവദിച്ചതിന് വിശദീ
നൽകേണ്ടതും നടപ്പു സാമ്പത്തിക വർഷത്തെ ഫീസ് അടിയന്തിരമായി പിരിച്ചെടുത്ത്
അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ
അന്വേഷണക്കുറിപ്പിന് ( നം.02/തീ.20.09.2023) തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയ

## 1-18 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സ
പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ട
അനുബന്ധമായുള്ള 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത
(സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജി
ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി

ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെ
സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല.

വസ്തുനികുതി നിർണയം നിയന്ത്രിക്കുന്നതിന് വിന്യസിച്ചിട്ടുള്ള സഞ്ചയ സോഫ്റ്റ് വെ
രേഖപ്പെടുത്തിയ ഉപയോഗക്രമമനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 21 കെട്ട
ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നുണ്ട്. 2022-23 വർ
ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന പാരാമെ
സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| വാർഡ് നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് |
|---|---|---|
| IV | 118 | അർച്ചന വി.ആർ. |
| IV | 218, 219,220 | വിജയ് ജയകുമാർ |
| IV | 267 | ബിഷപ്, കോതമംഗലം രൂപത |
| VII | 331/A, B, C, D, E | നോബി ജോൺ |
| VII | 373 | ബേബി പി.വി. |
| VII | 371 | റ്റിറ്റോ ജോൺ |

ലൈസൻസ് കൂടാതെ സ്ഥാപനം പ്രവർത്തിക്കാൻ അനുവദിച്ചതിന് വിശദീകരണം നൽകേ
കുടിശ്ശികയായ സ്ഥാപന തൊഴിൽനികുതി, നടപ്പു സാമ്പത്തിക വർഷത്തെ ലൈസൻസ്
എന്നിവ ഈടാക്കാൻ നടപടി സ്വീകരിച്ചും വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയ
വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 2/തീ.20.0
തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയില്ല.

**1-19 പിൻവലിക്കാൻ അനുമതിയില്ലാത്ത കാലയളവിലെ ശമ്പളക്കുടിശ്ശിക പണമായി**

ഗ്രാമപഞ്ചായത്തിലെ ക്ലർക്ക് ശ്രീ. എ. ജി. അഭിലാഷിന്, ഇടുക്കി പഞ്ചായത്ത് ഡ
ഡയറക്ടറുടെ 17-1-2022-ലെ എ3 13192/2021 നമ്പർ ഉത്തരവ് പ്രകാരം, 21-12-2019 പൂർ
പ്രാബല്യത്തിൽ ₹27900-63700 നിരക്കിൽ സമയബന്ധിത ഹയർഗ്രേഡ് അനുവദി
ആയതിന്റെ അടിസ്ഥാനത്തിൽ 21.12.2019 മുതൽ 5/2021 വരെയുള്ള ശമ്പളക്കുടിശ്ശിക
നമ്പർ 22200166/19-6-22, ചെക്ക് നം.16604/17-6-2022. ആകെത്തുക ₹33501/-) പ
ജീവനക്കാരന് നൽകുകയുണ്ടായി. ധനകാര്യ വകുപ്പിന്റെ 10-2-2021-ലെ ജി.ഒ.(പി) നമ്പർ
നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ശമ്പള പരിഷ്കരണ ഉത്തരവ് അനുസരിച്ച് 1-7-2019 മ
1-2021 വരെയുള്ള കാലയളവിലെ യാതൊരു വിധത്തിലുള്ള ശമ്പളപരിഷ്കരണ കുടി
പണമായി നൽകാൻ അനുവാദമില്ലാത്തതാണ്. ജീവനക്കാരന് 12/2019 മുതൽ 01/2021 വ
ശമ്പളക്കുടിശ്ശിക ₹25237/- നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ
അന്വേഷണക്കുറിപ്പിന് (നം.1/തീ.19-9-2023) ലഭ്യമാക്കിയ മറുപടിയിൽ, തുക ജീവനക്ക
നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുക ന
ക്രമീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ ഇനത്തിലെ ചെലവ് ₹25237/- ഓ
തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിലെ തുടർ നടപടികളുടെ വിവരം ഓ
ലഭ്യമാക്കേണ്ടതാണ്.

## 1-20 സർക്കാർ പരിധി അതിലംഘിച്ച് ആർജിതാവധി സറണ്ടർ ചെയ്യ

ഗ്രാമപഞ്ചായത്തിലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ജീവനക്കാർക്ക് 2021-22, 2022-23 വർഷങ്ങളിലെ ആർജിതാവധി സറണ്ടർ ശമ
₹247820/- (ചെക്ക് നം.91100341/തീ. 27.3.2023) ചെലവഴിച്ചിട്ടുണ്ട്. ധനകാര്യവ
25.03.2006-ലെ ജി.ഒ. (എം.എസ്.) 145/2006 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 2
ശമ്പള പരിഷ്കരണ ഉത്തരവിലാണ് എല്ലാ വിഭാഗം സർക്കാർ ജീവനക്കാരുടെയു
സാമ്പത്തികവർഷത്തെ ആർജ്ജിതാവധി സറണ്ടർ പരിധി 30 ദിവസമായി പുനർ നിശ്ച

നിലവിലും പ്രസ്തുത നിരക്കാണ് ബാധകമായിട്ടുള്ളത്. ആറു വർഷത്തിലധി
കരാറടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന പ്രസ്തുത ജീവനക്കാർക്കും ഒരു സാമ്പത്തിക
സറണ്ടർ ചെയ്യാൻ അനുമതിയുള്ള പരമാവധി ആർജിതാവധികളുടെ എണ്ണം 30 ആണ്. പ
തൻവർഷം മേൽപരിധി അതിലംഘിച്ച് ജീവനക്കാർക്ക് അവധി ശമ്പളം നൽകി
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെപേര്, തസ്തിക | സറണ്ടർ ചെയ്ത ആർജിതാവധികളുടെ എണ്ണം | തുക |
|---|---|---|
| ശ്രീമതി റീന മോൾ എം. എം. | 60 | 480 |
| ശ്രീമതി ലേഖാമോൾ വി.എസ്. | 60 | 480 |
| ശ്രീ. സുധി റ്റി.ഡി. | 60 | 480 |
| ശ്രീ. ബിനോയ് ബെന്നി | 60 | 480 |

അനുവദനീയമായ നിരക്ക് അധികരിച്ച് ആർജിതാവധി സറണ്ടർ ചെയ്തതിന് വിശദീ
ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.3/തീ.20-9-2023) സമർപ്പിച്ച മറുപ
തുക കൈപ്പറ്റിയ ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടു
യഥാവിധി ക്രമീകരിച്ചിട്ടില്ലാത്തതിനാൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (₹9
തുക തിരികെ ഈടാക്കി, അവധി അക്കൗണ്ട് പുനക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

## 1-21 ജലനിധി ഫണ്ട് വകമാറ്റിയത് ക്രമീകരിച്ചില്ല

തനത് ഫണ്ടിന്റെ അപര്യാപ്തതമൂലം പഞ്ചായത്തിലെ ജീവനക്കാരുടെയും,
ജീവനക്കാരുടെയും 2022 ഓഗസ്റ്റ് മാസത്തെ ശമ്പളവും ഭരണസമിതി അംഗങ്ങളുടെ ഓണറ

മുടങ്ങിയ സാഹചര്യത്തിൽ ഭരണസമിതി തീരുമാനപ്രകാരം (നം.05(1)/തീ.12.0 ജലനിധിക്കുവേണ്ടി യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയുടെ രാജാക്കാട് ശാ നിലനിർത്തിയിട്ടുള്ള അക്കൗണ്ടിൽ നിന്നും (നമ്പർ 372302010023000) ₹14,00,000/-, 24-8 ൽ യൂണിയൻ ബാങ്കിൽത്തന്നെ തനതു ഫണ്ട് വിനിയോഗം നിയന്ത്രിക്കുന്നതിന് ആരംഭ 372302010023405 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് വിനിയോഗിച്ചിട്ടുണ്ട് നം.2095021/തീ.24.08.2022). താത്ക്കാലികമായി വിനിയോഗിച്ച ശേഷം തനതു ലഭ്യമാകുന്ന മുറയ്ക്ക് തിരികെ ക്രമീകരിക്കാൻ ഭരണസമിതി തീരുമാനമെടുത്തുവെങ്കിലും നാളിതുവരെ നടപ്പായിട്ടില്ല. പ്രത്യേക ഉദ്ദേശ്യങ്ങൾ മുൻനിർത്തി സർക്കാർ അനുവ ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കരുതെന്ന് കർശന നിർദ്ദേശമുള്ളതാണ്. ഈ വിഷയ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/തീ.21-2 മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ അക്കൗണ്ടിലേക്ക് ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-22 ഹോമിയോ മരുന്നുകൾ പൂർണമായി ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹോമിയോ മെഡിക്കൽ ഓഫീസർ

പ്രസ്തുത പ്രോജക്ട് പ്രകാരം രാജാക്കാട് ഗവ. ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരു വാങ്ങുന്നതിന് (പ്രൊജ.നം.7/23) ₹200000/- (BRN2210075201390089364 3/12.1 ഹോംകോയിൽ ഒടുക്കിയിട്ടുണ്ട്. ഇതുവരെ ₹127003/- യുടെ മരുന്നുകളാണ് വിതരണ ഏ ലഭ്യമാക്കിയത്. ശേഷിക്കുന്ന ₹72997 യുടെ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടത

## 1-23 മോട്ടോർ മാറ്റി സ്ഥാപിക്കൽ-പഴയ മോട്ടോറിന്റെ വിവരങ്ങളില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എൻജിനിയർ LID &EW |
| പ്രോജക്ട് നം | എസ് 024/2022 |

| | |
|---|---|
| പേര് | NR സിറ്റി – ചാമക്കാല കുടിവെള്ള പദ്ധതി |
| അടങ്കൽ തുക | ₹75,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവഴിച്ച തുക | ₹ 71453/- വൗച്ചർ നം.5026737455/തീ. 29.03.2023 |

ഗ്രാമപഞ്ചായത്തിലെ NR സിറ്റി, ചാമക്കാല ഭാഗത്ത് പ്രവർത്തിച്ചു വന്നിരുന്ന കു പദ്ധതിയുടെ മോട്ടോറിന് ശേഷി കുറവായതിനാൽ അത് മാറ്റി പകരം മോട്ടോർ സ്ഥാപിക്കുന്നതിനും വിതരണ പൈപ്പ് ലൈൻ വിപുലീകരിക്കുന്നതിനുമായി തയ്യാറാക്കി പ്രസ്തുത പ്രോജക്ട്. ഇതു പ്രകാരം തൻവർഷം 3HP ശേഷിയുള്ള പുതിയ SUBMERSIBLE വാങ്ങി സ്ഥാപിച്ചുവെങ്കിലും പഴയ 3HP മോട്ടോറിന്റെ വില നിശ്ചയിച്ച് ലേലം ചെയ്യുകയോ പ്രോജക്ടുകൾക്ക് വിനിയോഗിക്കാനുള്ള സാധ്യത വിലയിരുത്തുകയോ ചെയ്തിട്ടില്ല. അ നിലവിലെ കസ്റ്റഡി വിവരവും ഫയലിൽ/അളവു പുസ്തകത്തിൽ ഇല്ല. ഗണ്യമായ തുക മൂ ആസ്തിയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കാത്ത നടപടി ക്രമപ്രകാരമുള്ളതല്ല. പ്രസ്തുത സമാന പ്രോജക്ടിന് വിനിയോഗിക്കുകയോ അല്ലാത്തപക്ഷം ലേലം ചെയ്ത് പഞ്ചായത്ത് മുതൽക്കൂട്ടുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ട് നം | എസ്. 52/23 |
| പേര് | ഡയാലിസിസിനുള്ള പഞ്ചായത്ത് വിഹിതം |
| വകയിരുത്തൽ / ചെലവ് | ₹ 100000/- |
| ബിൽ വിശദാംശങ്ങൾ | BRN2210075201101131646/3-2-2023 |

പ്രസ്തുത പ്രോജക്ട് പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്തിന് ₹100000/- കൈമാറിയിട്ടു അതിന്റെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. ആകയാൽ ചെലവ് തുക ഓ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാ

## 1-25 ഹെഡ് മാസ്റ്റർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

### 1.പഴയവിടുതി ഗവ. യു.പി.സ്കൂൾ ഫർണിച്ചർ വാങ്ങൽ പദ്ധതി

| | |
|---|---|
| പദ്ധതിയുടെ പേര് | എസ് 62/23 പഴയവിടുതി യു.പി.സ്കൂളിന് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | ₹495000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹492775/-<br>BRN No. 22100752015301489145/27.03.2023 |

പ്രസ്തുത പദ്ധതി പ്രകാരം കെ. എം. ടെക്നോളജീസ്, വടവാതൂർ പി. ഒ., കോട്ടയം സ്ഥാപനത്തിൽ നിന്നും ഫർണിച്ചർ വാങ്ങിയതിന് മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം ₹492775/- ചെലവഴിച്ചിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച ടാക്സ് ഇൻവോയ്സ് (Invoice No.K 23/3105 Dtd.25.03.2023 ₹492775) പ്രകാരമുള്ള തുക സ്ഥാപനത്തിന് കൈമാറി പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) GeM വഴി നടത്തിയിരിക്കുന്ന മേൽ സൂചിപ്പിച്ച വാങ്ങലിൽ കെ.എം. ടെക്നോളജീസ്, വ പി.ഒ., കോട്ടയം എന്ന സ്ഥാപനത്തിനെ തിരഞ്ഞെടുത്തതിന്റെ രേഖകൾ, കംപാരിറ്റീവ് സ്റ്റേ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വില സംബന്ധിച്ച് താരതമ്യപഠനം നടത്ത സ്ഥാപനത്തെ തിരഞ്ഞെടുത്തത് എന്ന് ഉറപ്പാക്കാനായിട്ടില്ല.

2) 2017-ലെ CGST Act, വകുപ്പ് 51(1), SGST Act വകുപ്പ് 51(1) എന്നിവ അനുസരിച്ച്, ആകെ മൂല്യം 2.50 ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബിൽ സ്രോതസ്സിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം (ആകെ 2%) തുക കുറവു ചെയ്യേണ്ട

എന്നാൽ KMR/22-23/3105 Dtd.25.03.2023 ₹492775 എന്ന ഇൻവോയ്സ് പ്രകാരം സ്ഥാപനത്തിന് തുക നൽകിയ വേളയിൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തു ചെയ്തിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്ക (നം.5/തീ.20.09.2023) സമർപ്പിച്ച മറുപടിയിൽ, കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിക്കുന്നതാണെന്നും, സ്രോതസ്സിൽ നിന്നും ജി.എസ്.ടി. തുക കുറവു അറിയിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുണ്ട്. നികുതി വിശദാംശങ്ങൾ രേഖാമൂലം അറിയിക്കേണ്ടതും അപാകങ്ങൾ ആവർത്തിക്കാതി ശ്രദ്ധിക്കേണ്ടതുമാണ്.

**2 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി**

| | |
|---|---|
| പദ്ധതിയുടെ പേര് | 137/23 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹256000/- വികസനഫണ്ട് (എസ്.സി.പി.) |
| ചെലവ് | ₹180545/-<br>BRN No. 22100752015301260518/27.02.2023 ₹21000/-<br>22100752015301388072/17.03.2023 ₹99436/-<br>22100752015301530983/28.03.2023 ₹60109/- |

1) പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യം കൈപ്പറ്റിയ കുമാരി അഖില അനിൽ, പറത്ത എൻ.ആർ സിറ്റി, രാജാക്കാട് എന്ന ഗുണഭോക്താവ് പഠിക്കുന്ന കോഴ്സ് സംബ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) പദ്ധതിപ്രകാരം ആനുകൂല്യം കൈപ്പറ്റിയ കുമാരി ആര്യ അജി, മാടവന, രാജാക്കാട് (വാ എന്ന വിദ്യാർത്ഥിനിയെ 14.11.2022 തീയതിയിലെ 4(1) നമ്പർ കമ്മറ്റിതീരുമാന പ്രകാരവും,

ശ്വേത ശെൽവം, വി ജി വിലാസം, മമ്മട്ടിക്കാനം പി. ഒ., പഴയവിടുതി (വാർഡ്-10) വിദ്യാർത്ഥിനിയെ 27.01.2023 തീയതിയിലെ 1(3) നമ്പർ കമ്മറ്റിതീരുമാന പ്ര ഗുണഭോക്താവായി തിരഞ്ഞെടുത്തിട്ടുണ്ട്. ഈ ഗുണഭോക്താക്കളെ അതത് ഗ്രാമ അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ന അന്വേഷണക്കുറിപ്പിന് (നം.5/തീ.20.09.2023) കുമാരി അഖില അനിലിന്റെ കോഴ്സ് സർട്ടി വാങ്ങി ഫയലിൽ ചേർത്ത് സൂക്ഷിക്കുന്നതാണെന്നും കുമാരി ആര്യ അജി, കുമാരി ശ്വേത ശ എന്നീ ഗുണഭോക്താക്കളെ അതത് ഗ്രാമസഭകൾ അംഗീകരിച്ചതിന്റെ ഹാജരാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദാം രേഖാമൂലം അറിയിക്കേണ്ടതും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാ |
|---|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-2023 | 400000 | സുവർണ്ണ ഭവനം | 400000 | |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-2023 | 170000 | ലൈഫ് ഭവന നിർമ്മാണം -എസ്.സി | 170000 | |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-2023 | 2870000 | ലൈഫ് ഭവന നിർമ്മാണം 2022-23 | 2870000- | |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-2023 | 250000 | ഭിന്നശേഷി സ്കോളർഷിപ്പ് | 250000 | |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 780386 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 780386 | |
| നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 892000 | ലൈഫ് ഭവന നിർമ്മാണം -എസ്.സി | 892000 | |
| നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 250000 | ഭിന്നശേഷി സ്കോളർഷിപ്പ് | 250000 | |
| നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 198821 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 198821 | |
| നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 1281720 | ലൈഫ് ഭവന നിർമ്മാണം 2022-23 | 1281720 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗ്രാ

സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ലൈഫ് വായ്പയിനത്തിൽ ₹260000/- വരവുണ്ട്. ഓഡിറ്റ് വർഷം തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻ വർഷം എടുത്ത വായ്പ തുക ₹ | ആകെ അടയ്ക്കാനുള്ള വായ്പാ തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷ വസാ തിരിച ബാക്ക മുതൽ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് (കെ.യു.ആർ.ഡി.എഫ്.സി.) | സ. ഉ. (എം. എസ്.) നം.68/18/ തസ്വഭവ. തീ.18.05.2018 | 17320000 | 260000 | 17580000 | 2031826 | - | 15548 |

ജവഹർ ഭവനപദ്ധതി വായ്പാ രജിസ്റ്റർ അപൂർണമാണ്. ഇതു സംബന്ധിച്ച ഫയലിൽ സൂക്ഷ

ബാങ്ക് അധികൃതരുടെ കത്ത് അനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ മുതൽ-പലിശ ഇ
₹238674/-, 2022-23-ൽ പൂർണമായി അടച്ചു തീർത്തിട്ടുണ്ടെങ്കിലും വാർഷികധനകാര്യപത്രി
₹74374/- തിരിച്ചടയ്ക്കാൻ ശേഷിക്കുന്നതായാണ് രേഖപ്പെടുത്തൽ.

## 4-5 സ്ഥിര നിക്ഷേപം

- ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പ് അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോ അവ |
|---|---|---|---|---|---|
| 2000-01 | 29 | 2003-04 | | കൂടിവെള്ള പദ്ധതിക്ക് അധിക ചെലവ് | തൽ |
| 2003-04 | 2.1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്റർ എഴുതുന്നില്ല | തുടരു |
| 2015-16 2016-17 | പൊതു അവലോകനം | 2017-18 | | പൂർത്തീകരണ ശേഷം ആസ്തിയുടെ | തുടരു |

| | | | | | |
|---|---|---|---|---|---|
| | | | | വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല<br>പ്രോ. നം. 140/16<br>പ്രോ.നം. 134/17 | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

-- ഇല്ല --

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

-- ഇല്ല --

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹ 5041297 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 34126739 |
| ഒട്ടാകെ | ₹ 39168036 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 29618018 |
| തൻവർഷത്തെ നീക്കിയിരിപ്പ് | ₹ 9550018 |
| (കുറിപ്പ് :- പഞ്ചായത്തിന്റെ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 221397 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക ₹ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക |
|---|---|---|
| 1-19 | 25237 | ശ്രീ. എ.ജി. അഭിലാഷ്, ക്ലർക്ക് |
| 1-20 | 96160 | ശ്രീ. സുജിത് കുമാർ ആർ.സി., സെക്രട്ടറി (അർഹത പരിശോധിക്കാതെ അധികത്തുക അനുവദിച്ചുവെന്ന കാരണത്താൽ) |
| 1-24 | 100000 | ശ്രീ. സുജിത് കുമാർ ആർ.സി., സെക്രട്ടറി |
| ആകെ | 221397 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വ

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസവും

| ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | നിലവിലെ മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| ശ്രീ. എ.ജി. അഭിലാഷ്, ക്ലർക്ക് | ലഭ്യമല്ല | അലിത്ര ഹൌസ്, തോട്ടുവാത്തല പി.ഒ., |

| | | |
|---|---|---|
| | | കൈനകരി, ആലപ്പുഴ |
| ശ്രീ. സുജിത് കുമാർ<br>ആർ.സി., സെക്രട്ടറി | സെക്രട്ടറി, രാജാക്കാട് ഗ്രാമപഞ്ചായത്ത് | രാധിക, കക്കാണം, മാരായമുട്ടം പി<br>നെയ്യാറ്റിൻകര, തിരുവനന്തപുരം. |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2008-09 | കെ.എസ്.എ-ഐ.ഡി.കെ-പി6/451<br>(2008-09) അദാ.-സെപ്റ്റംബർ/22<br>തീയതി : 28.09.2022 | 2 | 3-7, 3-9 |
| 2009-10 | - ടി – | 2 | 3-1, 3-4 |
| 2010-11 & 2011-12 | - ടി – | 3 | 2-2, 2-3,<br>3-3 |
| 2012-13 | - ടി – | 2 | 2-2, 3-6 |
| 2013-14 | - ടി – | 1 | 3-4 |
| 2015-16 | - ടി – | 3 | 1-10, 3-4, 3-5 |
| 2016-17 | - ടി – | 7 | 1-2,2-1, 2-2, 2-3, 2-4, 2-7, 3- |
| 2017-18 | - ടി – | 2 | 3-3, 3-8 |

| | | | |
|---|---|---|---|
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-12/ 785/2020/തീ. 12.11.2020 | 17 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20,1-21, 1-22, 1-23, 1-24,1-26, 1-26, 3-1 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-പി6/ 1299/2022/തീ. 31.01.2023 | 3 | 1-11, 1-12, 1-14 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-12/ 438/2022/തീ. 29.04.2022 | 7 | 1-10, 1-11, 1-14, 1-15, 1-16, 3-1, 3-2 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.പി.6-921/2023 തീ: 28/03/2023 | 19 | 1-9(3), 1-11, 1-12, 1-13, 1-14, 1-1 1-17, 1-18(3), 1-19, 1-20, 1-21, 1- 23, 1-24, 1-25, 3-1, 3-2, 3-3 |

ഡെപ്യൂട്ടി ഡ

# Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 8(1) dated 8(1) dated 15-05-2023 and submitted on 24-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Rajakkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Rajakkad Grama Panchayat for the year 2022-2023

**Date: 28/11/2023** **Deputy Director**

**Kerala State Audit Department**

# Audit Report appended to the Audit Certificate of Rajakkad Grama Panchayat for the Year 2022-2023.

## 1.Major Observations

1) All mandatory financial statements prescribed in accounting rules are not submitted for audit.

2) Non disclosure of Assets. Asset register is not comprehensive and uptodate.

## 2.Other Observations

1) Cash flow statement - Net increase/decrease in cash flow doesnot match with the difference between the opening balance and closing balance of cash equivalents.

2) Directly credited by bank- ie, through online payments- amount not taken into accounts.

3) Registers, viz., Deposit Register, Advance Register, Loan register etc. are not maintained correctly and or does not match with accounts.

4) Lapses in making timely and accurate demand entries in respect of tax and non tax revenue.

5) Lack of authenticated journal vouchers for supporting the adjustment entries recorded, and those recorded in prior period items.

6) Demand registers are not periodically reconciled with accounts.

7) Liability amount shown as liability in Balance Sheet, does not match with the bank accounts and not adjusted or regulated properly.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്